# പ്ലസ്‌വൺഏകജാലകം

## താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് - വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശം

ഏകജാലക സംവിധാനത്തിലൂടെയുള്ള ഹയർസെക്കൻഡറി പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റിന്റെ താൽക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ജൂലൈ 5ാം തീയതി വൈകുന്നേരം 5 മണിവരെ വിദ്യാർത്ഥികൾക്ക് താൽക്കാലിക ലിസ്റ്റ് പരിശോധിക്കാം.

## അലോട്ട്മെന്റ് പരിശോധിക്കുന്ന വിധം

ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിൽ നിന്ന് ബ്രൗസറിലെ അഡ്രസ്സ് ബാറിൽ www.hscap.kerala.gov.in എന്ന് ടൈപ്പ് ചെയ്ത് പോർട്ടലിന്റെ ഹോം പേജിൽ പ്രവേശിക്കുക.




ചിത്രം-1

ഇതിൽ ആദ്യത്തെ ബോക്സിൽ വിദ്യാർത്ഥിയുടെ അപേക്ഷാ നമ്പർ ടൈപ്പ് ചെയ്ത് രണ്ടാമത്തെ ബോക്സിൽ നിന്നും വിദ്യാർത്ഥി അഡ്മിഷന് അപേക്ഷ നൽകിയ ജില്ല select ചെയ്ത് submit ബട്ടണിൽ click ചെയ്യുക. നിങ്ങൾക്ക് ആദ്യ ലിസ്റ്റിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ താഴെക്കാണുന്ന മാതൃകയിലുള്ള ഒരു പേജ് ദൃശ്യമാകും.




ചിത്രം-2

അലോട്ട്മെന്റ് ലഭിച്ചതിനുള്ള അഭിനന്ദനങ്ങളും അലോട്ട് ചെയ്ത സ്കൂളും, സബ്ജക്ട് കോംബിനേഷനും ഓപ്ഷൻ നമ്പറും ഈ പേജിൽ കാണാം.

ആദ്യ ലിസ്റ്റിൽ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് താഴെ ക്കാണുന്ന മാതൃകയിലുള്ള ഒരു പേജായിരിക്കും അപേക്ഷാ നമ്പർ നൽകുമ്പോൾ കിട്ടുന്നത്.




ചിത്രം-3

തുടർന്നുള്ള അലോട്ട്മെന്റുകളിൽ ഈ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാവുന്നതാണ്.

അപേക്ഷിച്ച ഓരോ സ്കൂളിലും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള റാങ്ക് വിവരങ്ങളും, ഓരോ ഓപ്ഷനിലും WGPA (Weightage Grade Point Average) കണക്കുകൂട്ടിയതിന്റെ വിശദാംശങ്ങളും വെവ്വേറെ കാണാവുന്നതാണ്. ചിത്രം-2-ൽ click here to see Rank details എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ താഴെപ്പറയുന്ന സ്ക്രീൻ ദൃശ്യമാകും.




ചിത്രം-4

ചിത്രം-4-ൽ WGPA Details ക്ലിക്ക് ചെയ്താൽ WGPA കണക്കുകൂട്ടിയ താഴെപ്പറയുന്ന സ്ക്രീൻ ദൃശ്യമാകും.

**Higher Secondary Centralized Allotment Process - hsCAP 2008**

Name : DELIGHT. M.S  ApplicationNo : 609853

School : ST GEORGE'S HSS, KATTAPPANA, IDUKKI (6026)  Back / Home

WGPA Calculation

| | |
|---|---|
| 1. Total Grade Point (G1) : | 76 |
| 2. Total Bonus (B) : | 3 |
| 3. Deduction (M) : | 0 |
| 4. Combination grade Point (G2) : (Social Science, Maths) | 15.00 |
| 5. Total No Of Subjects (T1) : | 10 |
| 6. No of Weightage Subjects (T2) : | 2 |

Weighted Grade Point Average (WGPA)

$$WGPA = \frac{G1+B-M+G2}{T1+T2}$$

= 7.8333333

Rank On this Course

ചിത്രം-5

WGPA ഒരേപോലെ വരുന്ന ഘട്ടങ്ങളിൽ Tie Value Expansion എന്ന ലിങ്ക് (ചിത്രം - 5 ൽ) ക്ലിക്ക് ചെയ്ത് റാങ്ക് കണക്കാക്കിയ വിശദാംശങ്ങളറിയാം.

ചിത്രം-2-ൽ ക്ലിക്ക് click here to print provisional allotment slip എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ താഴെപ്പറയുന്ന പേജ് ദൃശ്യമാകും.

**DIRECTORATE OF HIGHER SECONDARY EDUCATION**
**PLUS ONE ADMISSION-2008(SINGLE WINDOW)**
**(hsCAP200)-CANDIDATE ALLOTMENT DETAILS**

| | | | |
|---|---|---|---|
| APPLICATION NO: | 609853 | DATA ENTERED SCHOOL: | GOVT TRIBAL HSS, MURIKKATTUKUDI, IDUKKI |
| NAME: | DELIGHT. M.S | CATEGORY NAME: | Ezhava |
| SCHEME: | SSLC (2007-2008) | SEX: | Male |
| DOB: | 1993-05-13 | REGISTRATION NO: | 402451 |
| MONTH OF PASS | 3 | YEAR OF PASS | 2008 |
| GUARDIAN NAME: | BAIJU | RESIDENT STATE: | Kerala |
| RESIDENT DISTRICT: | Idukki | RESIDENT TALUK: | Udumbanchola |
| RESIDENT LOCAL BODY: | Kanchiyar | PERMANENT ADDRESS 1: | MARUTHOLIL |
| COMMUNICATION ADDRESS 1: | CommAddr1 | PERMANENT ADDRESS 2: | KANCHYAR PO |
| COMMUNICATION ADDRESS 2: | CommAddr2 | PERMANENT ADDRESS 3: | |
| COMMUNICATION ADDRESS 3: | CommAddr3 | PIN CODE: | 685511 |
| COMMUNICATION PINCODE: | 685511 | PHONE NO: | 9249144362 |
| EMAIL ID: | | CHANCE NO: | 1 |
| SPORTS DISTRICT LEVEL: | 2nd in District Level | YF DISTRICT LEVEL: | State Level Participation |
| OEC: | NO | OH: | NO |
| BLIND: | NO | DEAF | NO |
| LINGUISTIC MINORITY: | NO | MINORITY LANGUAGE: | NO |
| NCC/SCOUT/GUIDE: | NO | JAWAN PRIORITY: | NO |
| JAWAN KILLED: | NO | SPORT DISTRICT: | NO |
| NTSC QUALIFIED: | NO | RED CROSS: | NO |
| SS CLUB: | YES | SCIENCE CLUB: | NO |
| ENV CLUB: | NO | FOR CLUB: | NO |
| PHIL CLUB: | NO | DEBATING CLUB: | NO |
| ORATORY CLUB: | NO | Lit Con (Periodicals): | NO |
| Lit Con (School Magazines): | NO | WORK EXPERIENCE: | NO |
| SCHOOL NAME: | GOVT TRIBAL HSS, MURIKKATTUKUDI, IDUKKI | | |

CANDIDATE GRADE DETAILS

SCHEME NAME : SSLC (2006-2007)

| PAPER NAME | MARK | GRADE | GRADE POINT |
|---|---|---|---|
| First Language- I | 0 | B+ | 7 |
| First Language- II | 0 | A+ | 9 |
| English | 0 | B+ | 7 |
| Hindi | 0 | B+ | 7 |
| Social Science | 0 | B+ | 7 |
| Physics | 0 | A | 8 |
| Chemistry | 0 | B+ | 7 |
| Biology | 0 | B+ | 7 |
| Mathematics | 0 | A | 8 |
| Information Technology | 0 | A+ | 9 |

**ALLOTMENT DETAILS**

| OPTION NO | SCHOOL NAME | COMBINATION NAME | CATEGORY | RANK |
|---|---|---|---|---|
| 1 | ST GEORGE'S HSS, KATTAPPANA, IDUKKI | Business Studies, Accountancy, Economics,Political Science | General | 71 |

IT Services: NIC Kerala  Date:01/07/2008

ചിത്രം-6

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവർക്ക് അലോട്ട് ചെയ്ത് കിട്ടിയ ഓപ്ഷനേക്കാൾ ഉയർന്ന ഓപ്ഷനുകളുടെ റാങ്ക് വിവരങ്ങൾ മാത്രമേ കാണാൻ കഴിയൂ (ചിത്രം 4-ൽ). ഉദാഹരണത്തിന് ഒരു വിദ്യാർത്ഥിയ്ക്ക് അയാളുടെ 4-ാമത്തെ ഓപ്ഷനിലാണ് അലോട്ട്മെന്റ് ലഭിച്ചതെങ്കിൽ അയാളുടെ 5 മുതലുള്ള ഓപ്ഷനുകൾ ദൃശ്യമാകില്ല.1 മുതൽ 3 വരെയുള്ള ഓപ്ഷനുകളും അവയുടെ റാങ്ക് വിവരങ്ങളും മാത്രമേ കാണാൻ കഴിയൂ.

ഓപ്ഷനുകളും അവയുടെ റാങ്ക് വിവരങ്ങളും മാത്രമേ കാണാൻ കഴിയൂ.

## തിരുത്തലും കൂട്ടിച്ചേർക്കലും

അപേക്ഷകർക്ക് തങ്ങളുടെ അപേക്ഷാ വിവരങ്ങളിൽ എല്ലാ വിധത്തിലുമുള്ള തിരുത്തലുകളും വരുത്താൻ ജൂൺ 23 മുതൽ 26 വരെ അവസരം നൽകിയിരുന്നു. എന്നിരുന്നാലും താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സ്ഥിരപ്പെടുത്തുന്നതിന് മുമ്പ് അന്തിമമായി അപേക്ഷകർക്ക് ആവശ്യമെങ്കിൽ അപേക്ഷാ വിവരങ്ങളിൽ തിരുത്തലുകൾ വരുത്താവുന്നതാണ്. **എന്നാൽ ഓപ്ഷനുകൾ (തിരഞ്ഞെടുത്ത സ്കൂളുകളും സബ്ജക്ട് കോംബിനേഷനുകളും) മാറ്റാൻ ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല.** മാർക്ക്/ഗ്രേഡ്, സാമുദായിക സംവരണം മുതലായ വിവരങ്ങളിൽ മാറ്റങ്ങൾ ആവശ്യപ്പെടുമ്പോൾ അനുബന്ധ രേഖകളുടെ പകർപ്പുകൾ ഹാജരാക്കണം. തെറ്റായ വിവരങ്ങൾ അപേക്ഷയിൽ നൽകിയിട്ടുണ്ടെങ്കിൽ അഡ്മിഷൻ റദ്ദാക്കപ്പെടുമെന്നുള്ളതുകൊണ്ട് തിരുത്തുവാനുള്ള അവസരം ശ്രദ്ധാപൂർവ്വം ഉപയോഗിക്കണം. തിരുത്തലുകൾ ആവശ്യപ്പെടുന്നവർ **ജൂലൈ 5-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരത്തെ അപേക്ഷ സമർപ്പിച്ച സ്കൂളിൽ രേഖാമൂലം എഴുതി നൽകണം. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. തിരുത്തലിനുള്ള അപേക്ഷയിൽ അപേക്ഷാ നമ്പർ, വിദ്യാർത്ഥിയുടെ പേര്, യോഗ്യതാപരീക്ഷയുടെ സ്കീം, ആവശ്യപ്പെടുന്ന തിരുത്തലിന്റെ വിശദാംശങ്ങൾ, വിദ്യാർത്ഥിയുടെ ഒപ്പ്., തുടങ്ങിയവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. തിരുത്തലിനുള്ള അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ പ്രിൻസിപ്പലിൽ നിന്നും രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ തിരുത്തലുകൾ വരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലിസ്റ്റിൽ മാറ്റങ്ങൾ വരാവുന്നതാണ്. ആദ്യ അലോട്ട്മെന്റിന്റെ സ്ഥിരപ്പെടുത്തിയ ലിസ്റ്റ് ജൂലൈ 9-ന് പ്രസിദ്ധീകരിക്കും.

## <u>പ്രത്യേകം ശ്രദ്ധിക്കുക</u>

മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടാത്ത Christian സമുദായത്തിലുള്ളവർ ജനറൽ വിഭാഗത്തിനുള്ള '01' എന്ന കോഡാണ് നൽകേണ്ടത്. അവർ Other Backward Christian '05' എന്ന കോഡ് നൽകരുത്. അപേക്ഷാഫാറത്തിലെ 12-ാം കോളത്തിൽ കമ്മ്യൂണിറ്റിയും കമ്മ്യൂണിറ്റി കോഡും രേഖപ്പെടുത്തേണ്ടതുണ്ട്. ഈ കോഡുകളിൽ 02 ആയി നൽകിയിട്ടുള്ള ഈഴവ വിഭാഗത്തിൽ മലബാർ പ്രദേശങ്ങളിലെ തീയ്യ, ബില്ലവ സമുദായങ്ങളും ഉൾപ്പെടും, OEC വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സംവരണമില്ല, പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ സംവരണ സീറ്റുകളിലേക്ക് അവരുടെ അഭാവത്തിൽ OEC വിദ്യാർത്ഥികളെ പരിഗണിക്കും. ആയതിനാൽ OEC വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി കോഡ് '01' 'ജനറൽ' എന്ന് രേഖപ്പെടുത്തിയ ശേഷം, OEC വിഭാഗത്തിൽപ്പെടുന്നയാളാണോ? എന്ന ചോദ്യത്തിന് 'അതെ' എന്ന് രേഖപ്പെടുത്തണം. എന്നാൽ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ 'മറ്റ് പിന്നോക്ക ക്രിസ്ത്യൻ' വിഭാഗത്തിലും (കോഡ്:05) OEC വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. അത് പോലെ, 'കുടുമ്പി' 'ധീവര', 'കുശവ' എന്നീ സമുദായങ്ങളിൽപ്പെടുന്നവർ 'മറ്റ് പിന്നോക്ക ഹിന്ദു' (കോഡ് : 06) വിഭാഗത്തിലും OEC വിഭാഗത്തിലും ഉൾപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അപേക്ഷകൾ നൽകുമ്പോൾ അതത് കോഡും, OEC വിഭാഗത്തിൽപ്പെടുന്നയാളാണോ? എന്ന ചോദ്യത്തിന് 'അതെ' എന്ന് ഉത്തരവും രേഖപ്പെടുത്തണം.

താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പരിശോധിക്കുമ്പോൾ
വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പ്രത്യേക
പരിപാടി ഐടി@സ്കൂൾ വിക്ടേഴ്സ് ചാനലിൽ
ജൂലൈ 2 മുതൽ 5 വരെ
സമയം : 11.00 am, 1.00 pm, 3.00 pm, 6.00 pm, 10.00 pm